**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2197** **05.05.2017-ൽ മറുപടിക്ക്**

**അന്യസംസ്ഥാനതൊഴിലാളികളുടെ അക്രമങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് ആൺ, പെൺ വിഭാഗത്തിൽ വളരെയധികം ആളുകൾ ജോലിയ്ക്കായിട്ടാണെന്ന നിലയിൽ കേരളത്തിൽ എത്തിചേരുന്നത് നിയന്ത്രിക്കാൻ സർക്കാർ എന്തെങ്കിലും നിയമം നടപ്പാക്കിയിട്ടുണ്ടോ; | (എ) തൊഴിൽ വകുപ്പ് മുഖേന ഇത്തരത്തിൽ നിയമങ്ങൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) കേരളത്തിലെ പല സ്ഥലങ്ങളിലും ഈ അന്യസംസ്ഥാനതൊഴിലാളികൾ അക്രമങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കേരളത്തിലെ പ്രധാന തൊഴിൽ മേഖലകളായ ഫ്ളാറ്റ് നിർമ്മാണസ്ഥലത്തും മറ്റ് വൻകിട,ചെറുകിട കെട്ടിട നിർമ്മാണ സ്ഥലത്തും അന്യസംസ്ഥാന തൊഴിലാളികളാണ് പണിയെടുക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ;ഇവരെക്കുറിച്ച് തൊഴിൽ വകുപ്പിൽ എന്തെങ്കിലും രജിസ്ട്രേഷൻ നടത്താൻ പദ്ധതിയുണ്ടോ; വെളിപ്പെടുത്തുമോ? | (സി) ഉണ്ട്, സംസ്ഥാനത്ത് നിർമ്മാണ സ്ഥലങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ധാരാളം ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ എത്തിച്ചേരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗവും കോൺട്രാക്ടർ മുഖേനയല്ലാതെ നേരിട്ട് തൊഴിൽ തേടിയെത്തുന്നവരാണ്. ഇവരുടെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും വിവരശേഖരണത്തിനുമായി 'ആവാസ്' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടു കൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര |

സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

സെക്ഷൻ ഓഫീസർ.